# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 230 — 10/12/2014-ൽ മറുപടിക്ക്

## ജിക്കാ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.റ്റി.ജോർജ്ജ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ജിക്കാ പദ്ധതികൾ കമ്മീഷൻ ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) ജിക്കാ പദ്ധതികൾ കമ്മീഷൻ ചെയ്യാൻ താഴെ പറയുന്ന നടപടികൾ ഏർപ്പെടുത്തിയിട്ടുണ്ട്. ചീഫ് എഞ്ചിനീയർ, മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി ബോർഡ് എന്നിവർ കൂടാതെ സർക്കാർ തലത്തിലും പദ്ധതിയുടെ പ്രവർത്തനങ്ങൾ നിരന്തരം വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി വകുപ്പ് മന്ത്രി തലവനായുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി, ചീഫ് സെക്രട്ടറി തലവനായുള്ള എംപവേർഡ് കമ്മിറ്റി, ഫണ്ട് റിലീസ് കമ്മിറ്റി എന്നിവ നിലവിലുണ്ട്. ജില്ലാ തലത്തിൽ കോ ഓർഡിനേഷൻ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) ഏതെല്ലാം പദ്ധതികൾ കമ്മീഷൻ ചെയ്യാനുണ്ട്; വിശദമാക്കുമോ; | (ബി) ജിക്ക പദ്ധതിയിൽ ഉൾപ്പെട്ട തിരുവനന്തപുരം, മീനാട്, പട്ടുവം, കോഴിക്കോട് എന്നീ പദ്ധതികൾ കമ്മീഷൻ ചെയ്യാനുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br>1. തിരുവനന്തപുരം പദ്ധതി<br>2010 മെയ് മാസത്തിൽ ഭാഗികമായി കമ്മീഷൻ ചെയ്തു. വിതരണ ശൃംഖല ഒഴികെയുള്ള പണികളെല്ലാം പൂർത്തി |

യായി. വിതരണ ശൃംഖലയിൽ 394 കി.മീ. പൈപ്പ് ലൈൻ ഉള്ളതിൽ 252 കി.മീ. സ്ഥാപിച്ചു കഴിഞ്ഞു. ശേഷിക്കുന്ന 142 കി.മീ. പൈപ്പ് ലൈനുകളുടെ പണികൾക്ക് പുതിയ കരാറിൽ ഏർപ്പെടുകയും പണികൾ പുരോഗമിക്കുകയും ചെയ്യുന്നു. പൂർണ്ണതോതിലുള്ള കമ്മീഷനിംഗ് 2015 മാർച്ച് അവസാനത്തോടെ സാധ്യമാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

2. മീനാട് പദ്ധതി

2011 ഫെബ്രുവരി മാസത്തിൽ ഭാഗീകമായി കമ്മീഷൻ ചെയ്തു. വിതരണ ശൃംഖല ഒഴികെയുള്ള പണികളെല്ലാം പൂർത്തിയായി. വിതരണ ശൃഖലയിൽ 963 കി.മീ. പൈപ്പ് ലൈൻ ഉള്ളതിൽ 726 കി.മീ. സ്ഥാപിച്ചുകഴിഞ്ഞു. ശേഷിക്കുന്ന 237 കി.മീ. പൈപ്പ് ലൈൻ പണികൾക്ക് പുതിയ കരാർ നൽകി പണികൾ പുരോഗമിച്ചുവരുന്നു. പൂർണ്ണമായ കമ്മീഷനിംഗ് 2015 മാർച്ച് അവസാനത്തോടെ പ്രതീക്ഷിക്കുന്നു.

3. പട്ടുവം പദ്ധതി

ഈ പദ്ധതി 2013 മാർച്ചിൽ ഭാഗീകമായി കമ്മീഷൻ ചെയ്തു. വിതരണ ശൃംഖല ഒഴികെയുള്ള പണികളെല്ലാം പൂർത്തിയായി. വിതരണ ശൃംഖലയ്ക്ക് മൊത്തം 623 കി.മീ. പൈപ്പ് ലൈനുകൾ സ്ഥാപിക്കണം. ഇതിൽ 171 കി.മീ. പൈപ്പ് ലൈൻ ആദ്യ കരാറുകാരൻ സ്ഥാപിച്ചു. ബാക്കി പണികൾ മൂന്ന് പുതിയ കരാറുകളിലായി നടന്നു വരുന്നു. 2015 മാർച്ച് മാസം പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

4. കോഴിക്കോട് പദ്ധതി

ഈ പദ്ധതിയുടെ ജലം ശേഖരിക്കുന്നതിനുള്ള ഇൻടേക്ക് കിണറിന്റെയും 174

എം.എൽ.ഡി ശേഷിയുള്ള ജല ശുദ്ധീകരണശാലയുടെയും പ്രവൃത്തി 90% പൂർത്തീകരിച്ചു. 123 കി.മീ. ദൂരം വരുന്ന ട്രാൻസ്മിഷൻ മെയിനിന്റെ പ്രവൃത്തി 99.42% പൂർത്തീകരിച്ചു. പദ്ധതിക്കായി പണിയേണ്ട 20 റിസർവേയറിൽ 17 എണ്ണത്തിന്റെ പണി പൂർത്തീകരിച്ചു. ശേഷിക്കുന്ന 3 എണ്ണത്തിന്റെ പ്രവൃത്തി നടന്നു വരുന്നു. 1850 കി.മീ. വരുന്ന വിതരണ ശൃംഖലയുടെ 22.5% പൂർത്തീകരിച്ചു. പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യുന്നതിനുള്ള പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

(സി) ജിക്ക പദ്ധതിയുടെ പണികൾ ദ്രുതഗതിയിൽ പൂർത്തീകരിക്കുവാൻ വേണ്ടി ബഹുമാനപ്പെട്ട ജലവിഭവ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ യോഗം കൂടുകയും പ്രസ്തുത യോഗത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ വകുപ്പ് മന്ത്രി തലവനായുള്ള കോ ഓർഡിനേഷൻ കമ്മിറ്റി, ചീഫ് സെക്രട്ടറി തലവനായുള്ള എംപവേർഡ് കമ്മിറ്റി എന്നിവ പുരോഗതി വിലയിരുത്തി മാർഗ്ഗനിർദ്ദേശങ്ങൾ നൽകി വരുന്നു.

സെക്ഷൻ ഓഫീസർ